"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഭവനനിർമ്മാണ വകുപ്പ് - ബജറ്റ് 2024-25 - ഭവന വകുപ്പ് (സാങ്കേതിക സെൽ) - 'ഉരുൾപൊട്ടലിന് സാധ്യതയുള്ള തീരപ്രദേശങ്ങൾ, വെള്ളക്കെട്ട്, ഉയർന്ന പ്രദേശങ്ങൾ എന്നിവയ്ക്കായി സമഗ്ര ഭവന മോഡ്യൂൾ വികസനം' എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.45/2024/HSG തീയതി,തിരുവനന്തപുരം, 21-06-2024

പരാമർശം:-
1. ഹൗസിംഗ് കമ്മീഷണറുടെ 17.05.2024-ലെ സി/364/2024/എച്ച്.സി. നമ്പർ കത്ത്
2. 29.05.2024-ൽ ഭവന നിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

ഉത്തരവ്

സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങൾ, കുട്ടനാട് പോലെയുള്ള വെള്ളക്കെട്ടുള്ള ഭൂപ്രദേശങ്ങൾ, ഉരുൾപൊട്ടൽ സാധ്യതയുള്ള ഉയർന്ന പ്രദേശങ്ങൾ എന്നിവയ്ക്കായി സമഗ്രമായ ഭവന മോഡ്യൂൾ വികസനം ഒരുക്കുന്നതിന് വേണ്ടി പൊതുമരാമത്ത് വകുപ്പ്, എൽ.എസ്.ജി.ഡി.-യുടെ എഞ്ചിനീയറിംഗ് വിഭാഗം, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തുടങ്ങി വിവിധ നിർവ്വഹണ ഏജൻസികളുമായി കൂടിയാലോചിച്ചും സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നുള്ള ഗവേഷണ സംരഭങ്ങളിലൂടെയും ഇത്തരത്തിലുള്ള ഭൂപ്രകൃതിയിലുള്ള ബൃഹത്തായ ഭവനങ്ങൾക്ക് പ്രായോഗികവും സുസ്ഥിരവുമായ സാങ്കേതിക പരിഹാരം വികസിപ്പിക്കുയാണ് 'ഉരുൾപൊട്ടലിന് സാധ്യതയുള്ള തീരപ്രദേശങ്ങൾ, വെള്ളക്കെട്ട്, ഉയർന്ന പ്രദേശങ്ങൾ എന്നിവയ്ക്കായി സമഗ്ര ഭവന മോഡ്യൂൾ വികസനം' എന്ന പദ്ധതിയുടെ ലക്ഷ്യം. 2024-25 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണ സാങ്കേതിക സെല്ലിന്റെ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് 2216-80-001-96 എന്ന ശീർഷകത്തിൽ ₹28,00,000/- വകയിരുത്തിയിട്ടുണ്ട്.

2. 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ വിശദാംശങ്ങൾ പരാമർശം (1) പ്രകാരം ഹൗസിംഗ് കമ്മീഷണർ ലഭ്യമാക്കുകയും പ്രസ്തുത പദ്ധതി ശിപാർശ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുന്ന പദ്ധതിയ്ക്ക് 28 ലക്ഷം രൂപയുടെ ഭരണാനുമതി നൽകണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി.

| Sl. No. | Components | Amounts |
|---|---|---|
| 1. | Stake holder consultation, identification of challenging terrains where reliable and affordable mass housing is to be provided, conducting 3 workshops/seminars with experts concerned to the fields such as<br>a) Coastal Regions where there is huge requirement of housing modules.<br>b) Water logged areas such as Kuttanad regions.<br>c) Highland areas susceptible to land slides | 20,00,000/- |
| 2. | Collection of Geo technical data and other related information from various agencies and experts involved in such terrains | 3,00,000/- |
| 3. | Developing location specific, terrain suitable foundation and superstructure for one region (Coastal zone) by involving Professors from Engineering Colleges and consultants | 5,00,000/- |
| | Total | 28,00,000/- |

3. പ്രസ്തുത പ്രൊപ്പോസൽ 29.05.2024-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും ഭവനവകുപ്പ് (സാങ്കേതിക വിഭാഗം) ന്റെ 'ഉരുൾപൊട്ടലിന് സാധ്യതയുള്ള തീരപ്രദേശങ്ങൾ, വെള്ളക്കെട്ട്, ഉയർന്ന പ്രദേശങ്ങൾ എന്നിവയ്ക്കായി സമഗ്ര ഭവന മോഡ്യൂൾ വികസനം ' എന്ന പദ്ധതി നടപ്പാക്കുന്നതിനായി 28,00,000/- രൂപയിൽ നിജപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് പരാമർശം (2) പ്രകാരം അംഗീകാരം നൽകുകയുണ്ടായി.

4. ഈ സാഹചര്യത്തിൽ, 2024-25 സാമ്പത്തിക വർഷത്തിൽ ഭവനവകുപ്പ് (സാങ്കേതിക വിഭാഗം) ന്റെ 'ഉരുൾപൊട്ടലിന് സാധ്യതയുള്ള തീരപ്രദേശങ്ങൾ, വെള്ളക്കെട്ട്, ഉയർന്ന പ്രദേശങ്ങൾ എന്നിവയ്ക്കായി സമഗ്ര ഭവന മോഡ്യൂൾ വികസനം ' എന്ന പദ്ധതി മേൽ വിവരിച്ച ഘടകങ്ങളോടെ നടപ്പാക്കുന്നതിന് നിലവിലുള്ള പൊതുവ്യവസ്ഥകൾക്കും ചുവടെ ചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി 28,00,000/- രൂപയിൽ (ഇരുപത്തിയെട്ടു ലക്ഷം രൂപാ മാത്രം) നിജപ്പെടുത്തി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുക 2024-25 സാമ്പത്തിക വർഷത്തെ 2216-80-001-96 എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

i. പദ്ധതി നിർവ്വഹണ ഏജൻസി ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയമായിരിക്കും.
ii. സർക്കാർ അംഗീകരിച്ച് നൽകിയ പ്രോജക്ട് പ്രൊപ്പോസലിൽ മാറ്റം വരുത്തുവാൻ പാടുള്ളതല്ല.
iii. ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമെങ്കിൽ ടെണ്ടർ/ഇ-ടെണ്ടർ നടപടി

സ്വീകരിക്കേണ്ടതും നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കേണ്ടതുമാണ്.

iv. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിലവിലുള്ള ഉത്തരവുകളും നിയമപരമായ വ്യവസ്ഥകളും പാലിച്ചുകൊണ്ട് സുതാര്യമായ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.

v. സ്റ്റോർ പർച്ചേസ് നിയമങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

vi. പദ്ധതി ചെലവുകൾ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ അധികരിക്കുവാൻ പാടില്ലാത്തതും അനുവദിച്ച ശീർഷകത്തിൽ വക കൊള്ളിച്ചിട്ടുള്ള തുക മാത്രം ചെലവഴിക്കേണ്ടതുമാണ്.

vii. പദ്ധതി തുകയിൽ ആവശ്യനുസരണം മാത്രം തുക അനുവദിച്ച് നൽകാവുന്നതും, എന്നാൽ അനുവദിച്ച തുക ബാങ്കിൽ നിലനിർത്താൻ പാടില്ലാത്തതുമാണ്.

viii. ആസ്തിക സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും ഈ പദ്ധതിയിൽ അനുവദനീയമല്ല.

ix. ഈ പദ്ധതിയുടെ കാലയളവ് ഒരു വർഷമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോസഫൈൻ കെ
അഡിഷണൽ സെക്രട്ടറി

ഹൗസിംഗ് കമ്മീഷണർ, ഭവനവകുപ്പ് (സാങ്കേതിക വിഭാഗം), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്
ഐ&പി. ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 21-06-2024 16:47:07
സെക്ഷൻ ഓഫീസർ